**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **07-07-2022 - ൽ മറുപടിയ്ക്ക്**

**രണ്ടാം കയർ പുന:സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി ജോയി,<br>ശ്രീ. എച്ച്. സലാം,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ വ്യവസായ രംഗത്ത് 2017-ൽ ആരംഭിച്ച രണ്ടാം കയർ പുന:സംഘടനയുടെ ഫലമായുണ്ടായ ഉണർവ്വ് നിലനിർത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച കയർ രണ്ടാം പുനസംഘടന 2021-22 വർഷത്തിൽ പൂർത്തിയായെങ്കിലും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ പദ്ധതികാലത്ത് സ്ഥാപിക്കപ്പെട്ടു. 500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ കൂടി സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. 8000 മുതൽ 100000 തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിന് ആവശ്യമായ ചകിരിയുടെ 48% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നവയാണ്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് 90%, സ്വകാര്യ സംരഭകർക്ക് 50% (പരാമവധി 25 ലക്ഷം രൂപ) സബ്സിഡി നൽകി പരമാവധി സംരഭകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിന് പ്രോൽസാഹനം നൽകി വരുന്നു. ഉൽപ്പന്ന മേഖലയിലെ സംഘങ്ങളെ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ചെറുവാരണം സി. എം. & എം. സി. എസ്. 989 ൽ 6 ലൂമുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കപ്പെട്ടു. യന്ത്രവൽക്കരണത്തിന്റെ ഫലമായി ചകിരി, കയർ എന്നിവയുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതിനും തൊഴിലാളികളുടെ വാർഷിക വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനുമായി ചേർന്ന് നടപ്പാക്കിയ കയർ ഭൂവസ്ത്ര പദ്ധതി നിലവിൽ വിജയകരമായി തുടർന്നു വരുന്നു. കയർ ഉൽപ്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ ഒരു തൊഴിലാളിയുടെ വാർഷിക വരുമാനം 2021-22 ൽ 50000 രൂപയിലേക്ക് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരണം ലക്ഷ്യമിട്ടാണ് അന്തർ ദേശീയ പ്രദർശന മേളയായ "കയർ കേരള" സംഘടിപ്പിച്ചുവരുന്നത്. വിപണി വിപുലീകരണം ലക്ഷ്യമിട്ട് വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നാഷണൽ കയർ റിസേർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ച് എടുത്തിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങളെ വ്യവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കയർഫെഡിന്റെ വിറ്റുവരവിൽ റെക്കോഡ് വർദ്ധനവുണ്ടാക്കാനായിട്ടുണ്ടെങ്കിലും പര്യാപ്തമായ തോതിൽ ഓർഡർ ഇല്ലാത്തതും ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതും കയർ സംഘങ്ങളെയും ചെറുകിട ഉല്പാദകരെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കുന്നതിനും തൊണ്ടിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനും ഇടപെടൽ ഉണ്ടാകുമോ; | (ബി) | അന്യസംസ്ഥാന കയറിന്റെ വിലയുമായുള്ള അന്തരം നിമിത്തം കയർ സ്റ്റോക്ക് ഇരിക്കുന്ന സാഹചര്യം കയർഫെഡിൽ നിലവിലുണ്ട്. ഇത് മറികടക്കുന്നതിനായി വൈക്കം കയറിന് നിലവിൽ അനുവദിച്ച് നൽകിയിരിക്കുന്ന 10% ഡിസ്കൗണ്ട് 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 10% ഡിസ്കൗണ്ട് നൽകി വരുന്നുണ്ട്. സ്പോട്ട് പേയ്മെന്റ് നടത്തി ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകി വരുന്നു. തൊണ്ടിന്റെ ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി ആലപ്പുഴ, വൈക്കം എന്നിവിടങ്ങളിൽ കയർ കൺസോർഷ്യം പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ഈ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് |

| | | | |
|---|---|---|---|
| | | | സ്വകാര്യ സംരഭകരെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കയർ മേഖലയിലെ പ്രതിസന്ധി പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ? | (സി) | കയർ മേഖലയിലെ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അടിയന്തിര പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി കയർ മേഖലയിലെ വിദഗ്ദ്ധർ  ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ